**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2622** **12-10-2021 - ൽ മറുപടിയ്ക്ക്**

**കേരള വനിത സഹകരണ ഫെഡറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള വനിത സഹകരണ ഫെഡറേഷൻ (വനിതാഫെഡ് ) നിലവിൽ എന്തൊക്കെ വായ്പ സഹായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വനിതകൾക്കായുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം ലഭ്യമാക്കാനാകുമോ; ഉണ്ടെങ്കിൽ ഇതിനായുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും വിശദമാക്കാമോ? | (എ) | വനിതാ ഫെഡിന് സർക്കാർ നൽകുന്ന ഫണ്ട് വിനിയോഗിച്ച് വനിതാഫെഡിലെ അംഗ സംഘങ്ങൾക്ക് സംഘം കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും, ഡ്രൈവിംഗ് സ്കൂൾ നടത്തുന്നതിനും നീതി മെഡിക്കൽസ് നടത്തുന്നതിനും വായ്പ നൽകി വരുന്നു. 2020-21 കാലയളവിലെ നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് പേപ്പർ/തുണിബാഗ്, മാസ്ക് നിർമ്മാണം, ഗാർമെന്റ് മേക്കിംഗ്, ക്യാന്റീൻ എന്നീ പദ്ധതികൾക്ക് സംഘങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾക്ക് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനുമായി വാർഷിക പദ്ധതിയിലുൾ- പ്പെടുത്തി സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും സർക്കാർ ഓഹരി മൂലധനം, പ്രവർത്തന മൂലധന ഗ്രാന്റ് എന്നീ ഇനങ്ങളിലായി സർക്കാർ ധനസഹായം അനുവദിക്കുന്നു. സർക്കാർ ഓഹരി മൂലധനമായി പരമാവധി 2 ലക്ഷം രൂപയും പ്രവർത്തന മൂലധന ഗ്രാന്റിനത്തിൽ പരമാവധി 5 ലക്ഷം രൂപയും, വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വനിത സഹകരണ സംഘങ്ങൾ സമർപ്പിയ്ക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ പരമാവധി 20 ലക്ഷം രൂപയും (ഓഹരി-8 ലക്ഷം, സബ്സിഡി-12 ലക്ഷം) സർക്കാർ ധനസഹായം അനുവദിയ്ക്കുന്നതാണ്. ടി പ്രവർത്തനങ്ങൾക്കായി 2021-22 വാർഷികപദ്ധതിയിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾ വിവിധ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനായി താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിയ്ക്കുകയും സംഘങ്ങൾ സമർപ്പിച്ച |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ സർക്കാർ ധനസഹായം അനുവദിയ്ക്കുന്ന റൂളിലെ വ്യവസ്ഥകൾ പാലിയ്ക്കുന്നുണ്ടോയെന്ന് പരിശോധിച്ച് വാർഷിക പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിയ്ക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ